മലയാള മനോരമ
Updated Wednesday, September 19, 2012 10:16 PM IST

# പ്രോസി ഗ്ലോബൽ ചാരിറ്റിയുടെ എക്സോട്ടിക് ബോൾ വിയന്നയിൽ




വിയന്ന: ഓസ്ട്രിയയിൽ ആദ്യമായി മലയാളികൾ എക്സോട്ടിക് ബോൾ സംഘടിപ്പിക്കുന്നു. പ്രോസി എക്സോട്ടിക് സൂപ്പർ മാർക്കറ്റിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രോസി ഗ്ലോബൽ ചാരിറ്റി ഫൗണ്ടേഷനാണ് ബോൾ നടത്തുന്നത്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രമുഖർ ബോളിൽ പങ്കെടുക്കും.

എയിഡ്സ് രോഗികളുടെ പുനഃരുദ്ധാരണത്തിനുവേണ്ടി വിയന്നയിൽ സംഘടിപ്പിക്കുന്ന യൂറോപ്പിലെ ഏറ്റവും വലിയ ബോളായ ലൈഫ് ബോൾ, ഓപ്പൺ ബോൾ, യുണിഡേ ബോൾ, ഫ്ലൂവ്തിലിങ് ബോൾ, സുക്കർ ബെക്കർ ബോൾ, ആഫ്രിക്ക ബോൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള ബോൾ റൂം നൃത്തങ്ങൾ അരങ്ങേറുന്ന വിയന്നയിൽ ആദ്യമായിട്ടാണ് ഇന്ത്യൻ സമൂഹം എക്സോട്ടിക് ബോൾ സംഘടിപ്പിക്കുന്നത്. പ്രോസി ഗ്ലോബൽ ചാരിറ്റി രാജ്യാന്തരമായി എല്ലാവർഷവും നടത്തിവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമാണ് എ ജേർണി എറൗണ്ട് ദ് വേൾഡ് എന്ന് പേരിട്ടിരിക്കുന്ന ബോൾ അണിയറയിൽ ഒരുങ്ങുന്നത്. ബോളിലൂടെ സമാഹരിക്കുന്ന തുക തെക്കേ അമേരിക്കയിലെ പെറു എന്ന രാജ്യത്തെ തിരഞ്ഞെടുക്കപ്പെടുന്ന ഭവനരഹിത കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ച് നൽകാൻ ഉപയോഗപ്പെടുത്തും.

പ്രോസി ഗ്ലോബൽ ചാരിറ്റി രാജ്യാന്തര ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് ഭാരതത്തിലെ ഇൻഡോറിൽ ഒരു ആദിവാസി ഗ്രാമത്തിൽ അഞ്ച് വീടുകൾ നിർമ്മിച്ച് നൽകികൊണ്ടാണ്. 2012–ൽ ആഫ്രിക്കയിൽ അഞ്ച് വീടുകൾ നിർമ്മിച്ച് നൽകിയിരുന്നു. അടുത്ത വർഷം പെറുവിലാണ് സൗജന്യ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയിട്ടിരിക്കുന്നത്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനോടകം

ആരംഭിച്ചു കഴിഞ്ഞു. ജീവകാരുണ്യ പ്രവർത്തനങ്ങൾ അതതു രാജ്യങ്ങളിൽ പ്രോസി നേരിട്ട് സന്നിഹിതരായി നടത്തുന്നുവെന്നത് ശ്രദ്ധേയമാണ്. നവംബർ 10ന് വാഗ്രാമാർ സ്ട്രാസെയിലുള്ള എൻഎച്ച് ഹോട്ടൽ ദാന്യൂബ് സിറ്റിയിലാണ് ബോൾ നടക്കുന്നത്. ബോളിൽ പങ്കെടുക്കുന്ന പ്രശസ്തരുടെ പേരുകളും പരിപാടികളുടെ വിവരങ്ങളും ഉടൻ അറിയിക്കുമെന്ന് പ്രോസിയുടെ എംഡി പ്രിൻസ് പള്ളിക്കുന്നേൽ അറിയിച്ചു. ടിക്കറ്റ് ബാങ്ക് ഓസ്ട്രിയയുടെ എല്ലാ ശാഖകളിൽ നിന്നോ പ്രോസി സൂപ്പർ മാർക്കറ്റിൽ നിന്നോ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക്:
http://exoticball.wordpress.com/ http://www.prosi.at/prosi_charity.html

**വാർത്ത അയച്ചത്: ജോബി ആൻറണി**